# ജനറൽ ആശുപത്രി എറണാകുളം

ഹോസ്പിറ്റൽ റോഡ്, എറണാകുളം – 682011
ഇ-മെയിൽ : generalhospitalernakulam@gmail.com & ghekmoffi_e@gmail.com
Web site: www.generalhospitalernakulam.com Phone No: 0484-2386000

നം.സി1- 18585/2025

തീയതി: 21 .11.2025

## ഇ-ടെൻഡർ നോട്ടീസ്

എറണാകുളം ജനറൽ ആശുപത്രിയിലെ ക്യാന്റീൻ, സ്റ്റേഷണറി സ്റ്റാൾ, എന്നിവ ഒരു വർഷ കാലയളവിലേക്ക് കരാർ വ്യവസ്ഥയിൽ നടത്തുന്നതിന് കുറഞ്ഞത് മൂന്ന് വർഷക്കാലം ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും www.etenders.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന മൽസരാധിഷ്ഠിതമായ ഇ-ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. ഇ-ടെൻഡറിൽ പങ്കെടുക്കുന്നവർ ഉള്ളടക്കം ചെയ്തിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും വിശദമായി വായിച്ച് മനസ്സിലാക്കേണ്ടതാണ്.

| | |
|---|---|
| അടങ്കൽ തുക | Rs. 1,56,00,000/- |
| ടെൻഡർ ഫോമിന്റെ വില | രൂപ 23,400 /- + GST |
| നിരത ദ്രവ്യം | രൂപ 1,56,000 /- |
| ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി | 17.12.2025 വൈകീട്ട് 5 മണി |
| ടെൻഡർ തുറക്കുന്ന തീയതി | 20.12.2025 രാവിലെ 11.30 |

(GST തുക നേരിട്ട് GST ഡിപ്പാർട്ട്മെന്റിൽ ഒടുക്കേണ്ടതാണ്. GSTIN: 32AAEAT4192K1ZA)

മുൻകൂർ അറിയിപ്പ് കൂടാതെയും കാരണം കാണിക്കാതെയും ഭാഗികമായോ പൂർണ്ണമായോ ടെൻഡർ ഭേദഗതി ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ നിരസിക്കുന്നതിനോ മാറ്റി വെയ്ക്കുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പ് വെച്ചിരിക്കുന്ന വ്യക്തിയിൽ നിക്ഷിപ്തമായിരിക്കും.

**കുറിപ്പ്:**

1. പ്രസ്തുത ടെൻഡറുമായി ബന്ധപ്പെട്ട ഏതെങ്കിലും വിധത്തിലുള്ള മാറ്റങ്ങൾ www.etenders.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന അറിയിക്കുന്നതാണ്.
2. ടെൻഡർ നടപടികൾ പൂർണ്ണമായും GO(P) No. 3/2013/SPD, Dtd. 21.06.2013-ന് വിധേയമായിരിക്കും.
3. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ട് ലഭിക്കുന്നതാണ്.

GENERAL HOSPITAL ERNAKULAM, COCHIN-682011

സൂപ്രണ്ടിന് വേണ്ടി

നോട്ടീസ് ബോർഡ്

പകർപ്പ്:

1. എറണാകുളം ജില്ലാ കളക്ടർ & ചെയർമാൻ, ആശുപത്രി വികസന സമിതി (ആമുഖ കത്ത് സഹിതം)
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം
3. സെക്രട്ടറി, കോർപ്പറേഷൻ ഓഫീസ്, കൊച്ചി
4. തഹസിൽദാർ, താലൂക്ക് ഓഫീസ്, കണയന്നൂർ
5. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, എറണാകുളം
6. സൂപ്രണ്ട്, ജില്ലാ ആശുപത്രി / താലൂക്ക് ആശുപത്രി / സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ആലുവ / ഫോർട്ട് കൊച്ചി / തൃപ്പൂണിത്തുറ / മട്ടാഞ്ചേരി
7. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻ ഡിപ്പാർട്ട്മെന്റ്
8. ഫയൽ / സ്റ്റോക്ക് ഫയൽ

നിബന്ധനകളും വ്യവസ്ഥകളും

1. രോഗികൾ, കൂട്ടിരിപ്പകാർ, ആശുപത്രി ജീവനക്കാർ തുടങ്ങിയവർ ഉൾപ്പെടുന്ന ആശുപത്രിയിലെ സന്ദർശകർക്കു മാത്രമാണ് ക്യാന്റീൻ നടത്തിപ്പുകാർ സേവനം നൽകേണ്ടത്
2. പ്രധാന ക്യാന്റീൻ, അതിനോട് ചേർന്നുള്ള സ്റ്റേഷനറി സ്റ്റാൾ എന്നിവ എല്ലാ ദിവസവും രാവിലെ 5 മണി മുതൽ രാത്രി 9 മണി വരെ പ്രവർത്തിപ്പിക്കേണ്ടതാണ്.
3. നിബന്ധന 2-ൽ പറഞ്ഞതു കൂടാതെയുള്ള രണ്ട് ലഘു ഭക്ഷണ ശാലകൾ എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കേണ്ടതാണ്. ആയതിനായി ടെണ്ടർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ആശുപത്രി അധികൃതർ അനുവദിക്കുന്ന സ്ഥലത്ത് സ്വന്തം നിലയ്ക്ക് താൽക്കാലിക സംവിധാനം ഒരുക്കേണ്ടതാണ്.
4. പ്രധാന ക്യാന്റീനിൽ മാത്രം ഭക്ഷണം പാകം ചെയ്യേണ്ടതാണ്. ലഘുഭക്ഷണ ശാലകളിൽ പാചകം അനുവദനീയമല്ല. പ്രധാന ക്യാന്റീനിൽ തയ്യാറാക്കുന്ന ഭക്ഷണം ലഘുഭക്ഷണ ശാലകളിൽ ഉപയോഗിക്കാവുന്നതാണ്.
5. കരാർ കാലാവധിക്കുള്ളിൽ വിലക്കയറ്റം, പ്രകൃതി ദുരന്തം, മറ്റ് അനിയന്ത്രിത സാഹചര്യങ്ങൾ എന്നിവ മൂലമുണ്ടാകുന്ന കരാറുകാരന്റെ ഏതൊരു വിധത്തിലുള്ള നഷ്ടവും യാതൊരു കാരണവശാലും ആശുപത്രി വികസന സമിതി ഏറ്റെടുക്കുന്നതല്ല.
6. ആശുപത്രിയിൽ VIP കാറ്റഗറിയിൽ പെട്ടവരുടെ സന്ദർശന വേളയിൽ ആവശ്യം വരുകയാണെങ്കിൽ ആശുപത്രി അധികൃതരുടെ നിർദ്ദേശാനുസരണം പ്രത്യേക ഭക്ഷണം പാചകം ചെയ്ത് നൽകേണ്ടതാണ്. ആയതിന്റെ ചെലവ് കൃത്യമായ ബില്ലുകൾ ഹാജരാക്കുന്ന പക്ഷം ആശുപത്രി വികസന സമിതി വഹിക്കുന്നതാണ്.
7. ആശുപത്രി വികസന സമിതി ഫണ്ടിലേക്ക് പ്രതിമാസം ഏറ്റവും കൂടുതൽ തുക നൽകുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരിൽ കരാർ ഉറപ്പിക്കുന്നതാണ്.
8. ടെൻഡറിനൊപ്പം ക്യാന്റീൻ നടത്തിപ്പുമായി ബന്ധപ്പെട്ട് 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപ വാർഷിക വിറ്റ് വരവുണ്ടെന്ന് തെളിയിക്കുന്ന ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിക്ഷേപിച്ച 10 ലക്ഷം രൂപയുടെ ഫിക്സഡ് ഡെപ്പോസിറ്റ് സമർപ്പിക്കേണ്ടതാണ്.
9. കുറഞ്ഞത് 3 വർഷമെങ്കിലും കേന്ദ്ര/സംസ്ഥാന സർക്കാർ/പൊതു മേഖല സ്ഥാപനങ്ങളിൽ ക്യാന്റീൻ നടത്തിയിട്ടുള്ള പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ടെൻഡറിനൊപ്പം സമർപ്പിക്കേണ്ടതാണ്.
10. ക്യാന്റീൻ നടത്തിപ്പുമായി ബന്ധപ്പെട്ട പാത്രങ്ങൾ, ഗ്യാസ് അടുപ്പുകൾ, ഇന്ധനം മറ്റ് ഫർണീച്ചറുകൾ തുടങ്ങിയ എല്ലാ സാധന സാമഗ്രികളും കരാറുകാരൻ സ്വന്തം നിലയ്ക്ക് ഏർപ്പാടാക്കേണ്ടതാണ്.
11. ക്യാന്റീനിലെ പാചകാവശ്യത്തിനായി കരാറുകാരൻ സ്വന്തം ചെലവിൽ LPG ഗ്യാസ് മാത്രം ഉപയോഗിക്കേണ്ടതാണ്. വിറക്, കരി എന്നിവ ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്.
12. ക്യാന്റീനിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള സൗകര്യം പ്രത്യേകമായി ഏർപ്പെടുത്തിയിരിക്കുന്നതനാൽ വാട്ടർ അതോറിറ്റി നൽകുന്ന ബിൽ പ്രകാരമുള്ള തുക കരാർ തുകയ്ക്ക് പുറമേ കരാറുകാരൻ സ്വന്തം നിലയിൽ അടക്കേണ്ടതാണ്. വൈദ്യുതി ചാർജ്ജായി നിശ്ചയിക്കപ്പെടുന്ന തുക കരാറുകാരൻ കരാർ തുകയോടൊപ്പം

അടക്കേണ്ടതാണ്. വെള്ളക്കരവും കറന്റ് ചാർജ്ജും കരാറുകാരൻ അടക്കേണ്ടതാണ്. അടച്ചതിന്റെ രസീത് അതാത് മാസം ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

13. ക്യാന്റീൻ നടത്തിപ്പിനാവശ്യമായ നിയമാനുസൃതമായ ലൈസൻസ് കരാറുകാരൻ സ്വന്തം പേരിൽ എടുക്കേണ്ടതാണ്.

14. Food and Safety Standards Authority of India-യുടെ FSSAI സർട്ടിഫിക്കറ്റ് ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

15. ലേബർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള സാധുവായ ലൈസൻസ് ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

16. GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, വ്യക്തിയുടെ/സ്ഥാപനത്തിന്റെ PAN CARD എന്നിവയുടെ പകർപ്പ് ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

17. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ആശുപത്രി അധികൃതരുടെ മുൻകൂർ അനുമതിയോടു കൂടി ക്യാന്റീൻ നേരിട്ട് സന്ദർശിക്കാവുന്നതാണ്.

18. ക്യാന്റീൻ കെട്ടിടത്തിനോ, നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള മറ്റ് ഉപരണങ്ങൾക്കോ യാതൊരു വിധ കേടുപാടുകളും കരാറുകാരൻ വരുത്താൻ പാടില്ലാത്തതാകുന്നു. അത്തരത്തിൽ കേടുപാടുകൾ വരുത്തുന്ന പക്ഷം കരാറുകാരൻ തന്നെ , സൂപ്രണ്ട് നിശ്ചയിക്കുന്ന തരത്തിൽ കേടുപാടുകൾ തീർത്ത് ശരിയാക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം അവ റിപ്പയർ ചെയ്യുവാൻ വേണ്ടി വരുന്ന തുക നിയമാനുസൃതം കരാറുകാരനിൽ നിന്നും പിരിച്ചെടുക്കുവാൻ സൂപ്രണ്ടിന് അധികാരമുണ്ടായിരിക്കുന്നതാണ്.

19. കരാർ കാലാവധിക്കുള്ളിൽ ക്യാന്റീനുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്ലംബിംഗ്, ഇലക്ട്രിക്കൽ തുടങ്ങിയവയുൾപ്പെടെയുള്ള എല്ലാ സിവിൽ വർക്കുകളും ആശുപത്രി അധികൃതരുടെ അനുമതി വാങ്ങിയതിനു ശേഷം ക്യാന്റീൻ നടത്തിപ്പുകാരൻ സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്.

20. ഭക്ഷണ പദാർത്ഥങ്ങളുടെ പേരും വിലയും പ്രധാന ഭാഗത്ത് മലയാളത്തിലും ഇംഗ്ലീഷിലും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

21. ക്യാന്റീൻ നടത്തിപ്പുകാരൻ, പ്രധാന ക്യാന്റീനിലും ലഘു ഭക്ഷണ ശാലകളിലും ഒരേ ഭക്ഷണ പദാർത്ഥത്തിന് വ്യത്യസ്ത വിലകൾ ഈടാക്കുവാൻ പാടുള്ളതല്ല.

22. സമീപ പ്രദേശങ്ങളിലെ ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ എന്നിവർ ഈടാക്കുന്ന വിലയേക്കാൾ കൂടിയ വിലക്ക് ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുവാൻ പാടുള്ളതല്ല.

23. ക്യാന്റീൻ നടത്തിപ്പിന് അനുമതി ലഭിക്കുന്ന വ്യക്തി/സ്ഥാപനം കരാർ പ്രകാരമുള്ള സേവനം ആരംഭിക്കുന്നതിന് മുൻപായി വിൽക്കുവാൻ ഉദ്ദേശിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ, അവയുടെ വില നിലവാരം എന്നിവ ഓഫീസിൽ സമർപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഇപ്രകാരം അംഗീകാരം ലഭിച്ച ഭക്ഷണ പദാർത്ഥങ്ങൾ, അവയുടെ വില എന്നിവയിൽ ആശുപത്രി വികസന
സമിതിയുടെ മുൻകൂർ അനുമതി കൂടാതെ യാതൊരു വിധ മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ നടത്തുവാൻ പാടുള്ളതല്ല.

24. ക്യാന്റീനിൽ തയ്യാറുക്കുന്ന എല്ലാ ഭക്ഷണ പദാർത്ഥങ്ങൾക്കും ആശുപത്രി ജീവനക്കാർക്ക് മാത്രം വിലയിൽ 50 % ഇളവു നൽകേണ്ടതാണ്.

25. രോഗികൾക്ക് ആവശ്യാനുസരണം ചൂടുവെള്ളം സൗജന്യമായി നൽകേണ്ടതാണ്.

26. പ്രധാന ക്യാന്റീനിൽ ആശുപത്രി ജീവനക്കാർക്ക് ഭക്ഷണം കഴിക്കുന്നതിനായി മാത്രം പ്രത്യേകം സജ്ജീകരണം ഒരുക്കേണ്ടതാണ്.

27. ആശുപത്രി അധികൃതർ ആവശ്യപ്പെടുന്ന പക്ഷം ആശുപത്രിയിൽ നടക്കുന്ന മീറ്റിംഗ്, കോൺഫറൻസ് പോലുള്ള പരിപാടികളിൽ ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്. ആയതിന്റെ കൃത്യമായ ബില്ല് ഹാജരാക്കുന്ന പക്ഷം ആശുപത്രി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് നൽകുന്നതാണ്.

28. ക്യാന്റീനും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം കരാറുകാരന്റേതായിരിക്കും. ക്യാന്റീൻ ശുചിത്വത്തെക്കുറിച്ച് പരിശോധിക്കുന്നതിന് ആശുപത്രി സൂപ്രണ്ട് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതും അവർ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിച്ചിരിക്കേണ്ടതുമാണ്.
ഭക്ഷണ സാധനങ്ങൾ പരിശോധിക്കുന്നതിനും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി വന്നാൽ സാമ്പിൾ പരിശോധനയ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അത്തരം പരിശോധനകളിൽ ക്യാന്റീൻ നടത്തിപ്പ് തൃപ്തികരമല്ലെന്ന് കണ്ടാൽ ക്യാന്റീൻ അടച്ചു പൂട്ടുന്നതിനുള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്. ഇതുവഴി ക്യാന്റീൻ കരാറുകാരനുണ്ടാകുന്ന നഷ്ടങ്ങൾക്ക് സൂപ്രണ്ട്/ആശുപത്രി വികസന സമിതി യാതൊരു വിധത്തിലും ഉത്തരവാദി ആയിരിക്കുന്നതല്ല.
എന്നാൽ ഇതുമൂലം ആശുപത്രി വികസന സമിതിക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് പൂർണ്ണ ഉത്തരവാദി കരാറുകാരൻ മാത്രമായിരിക്കും.

29. കോർപ്പറേഷൻ/ആരോഗ്യവകുപ്പ് / ഭക്ഷ്യസുരക്ഷാ വകുപ്പ് അധികൃതർ ക്യാന്റീൻ പരിശോധിച്ച് കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ കരാറുകാരൻ കൃത്യമായി പാലിക്കേണ്ടതാണ്.

30. ക്യാന്റീൻ അവശിഷ്ടങ്ങൾ കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും അന്നന്ന് നീക്കം ചെയ്യേണ്ടതാണ്. ഇത് ആശുപത്രി വളപ്പിലിട്ട് കത്തിക്കുവാൻ പാടുള്ളതല്ല. ക്യാന്റീനിൽ ക്ഷുദ്രജീവികളുടെ സാന്നിധ്യം ഉണ്ടാകുന്നില്ലെന്ന് ക്യാന്റീൻ നടത്തിപ്പുകാരൻ ഉറപ്പു വരുത്തേണ്ടതാണ്.

31. സാധനങ്ങൾ പൊതിയുന്നതിന് യാതൊരു തരത്തിലും പ്ലാസ്റ്റിക്ക് സാമഗ്രികൾ ഉപയോഗിക്കുവാൻ പാടില്ല. ഭക്ഷണ സാധനങ്ങൾ പാഴ്സലായി കൊണ്ടുപോകാൻ പാത്രങ്ങളുമായി വരാൻ വാങ്ങുന്നവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പ്ലാസ്റ്റിക്ക് കവറുകളിൽ പൊതിഞ്ഞ് പാഴ്സൽ നൽകരുത്. ക്യാന്റീനിൽ ഉപയോഗിക്കുന്ന പാത്രങ്ങൾ ചൂടുവെള്ളം ഉപയോഗിച്ച് വൃത്തിയായി കഴുകേണ്ടതാണ്.

32. ക്യാന്റീനിൽ തന്നെ പാചകം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾ മാത്രമേ വിൽക്കുവാൻ പാടുള്ളൂ. പുറത്തു നിന്നും തയ്യാറാക്കി കൊണ്ടു വരുന്ന ഭക്ഷണ സാധനങ്ങൾ അനുവദനീയമല്ല.

33. പുകയില, മദ്യം തുടങ്ങിയ ലഹരി പദാർത്ഥങ്ങളും സർക്കാർ കാലാകാലങ്ങളിൽ നിരോധനം ഏർപ്പെടുത്തിയിട്ടുള്ള വസ്തുക്കളും വിൽക്കുവാൻ പാടുള്ളതല്ല.

34. ക്യാന്റീൻ നടത്തിപ്പുകാരൻ ഈ മേഖലയിൽ വൈദഗ്ധ്യമുള്ള ജീവനക്കാരെ ക്യാന്റീൻ തൊഴിലാളികളായി സ്വന്തം നിലയിൽ നിയമിക്കേണ്ടതാണ്. പ്രായപൂർത്തി ആകാത്തവരെ ക്യാന്റീൻ തൊഴിലാളികളായി നിയമിക്കുവാൻ പാടുള്ളതല്ല.

35. ക്യാന്റീൻ കോൺട്രാക്ടർ ക്യാന്റീനിൽ നിയമിക്കുന്ന ജീവനക്കാരുടെ പേരുവിവരങ്ങൾ ഓഫീസിൽ ആദ്യമേ അറിയിക്കേണ്ടതും സ്വന്തം നിലയ്ക്ക് തിരിച്ചറിയൽ കാർഡ് നൽകേണ്ടതും അവരെ പിരിച്ചു വിട്ടാൽ വിവരം

26. പ്രധാന ക്യാന്റീനിൽ ആശുപത്രി ജീവനക്കാർക്ക് ഭക്ഷണം കഴിക്കുന്നതിനായി മാത്രം പ്രത്യേകം സജ്ജീകരണം ഒരുക്കേണ്ടതാണ്.

27. ആശുപത്രി അധികൃതർ ആവശ്യപ്പെടുന്ന പക്ഷം ആശുപത്രിയിൽ നടക്കുന്ന മീറ്റിംഗ്, കോൺഫറൻസ് പോലുള്ള പരിപാടികളിൽ ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്. ആയതിന്റെ കൃത്യമായ ബില്ല് ഹാജരാക്കുന്ന പക്ഷം ആശുപത്രി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് നൽകുന്നതാണ്.

28. ക്യാന്റീനും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം കരാറുകാരന്റേതായിരിക്കും. ക്യാന്റീൻ ശുചിത്വത്തെക്കുറിച്ച് പരിശോധിക്കുന്നതിന് ആശുപത്രി സൂപ്രണ്ട് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതും അവർ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിച്ചിരിക്കേണ്ടതുമാണ്.
ഭക്ഷണ സാധനങ്ങൾ പരിശോധിക്കുന്നതിനും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി വന്നാൽ സാമ്പിൾ പരിശോധനയ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അത്തരം പരിശോധനകളിൽ ക്യാന്റീൻ നടത്തിപ്പ് തൃപ്തികരമല്ലെന്ന് കണ്ടാൽ ക്യാന്റീൻ അടച്ചു പൂട്ടുന്നതിനുള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്. ഇതുവഴി ക്യാന്റീൻ കരാറുകാരനുണ്ടാകുന്ന നഷ്ടങ്ങൾക്ക് സൂപ്രണ്ട്/ആശുപത്രി വികസന സമിതി യാതൊരു വിധത്തിലും ഉത്തരവാദി ആയിരിക്കുന്നതല്ല.
എന്നാൽ ഇതുമൂലം ആശുപത്രി വികസന സമിതിക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് പൂർണ്ണ ഉത്തരവാദി കരാറുകാരൻ മാത്രമായിരിക്കും.

29. കോർപ്പറേഷൻ/ആരോഗ്യവകുപ്പ് / ഭക്ഷ്യസുരക്ഷാ വകുപ്പ് അധികൃതർ ക്യാന്റീൻ പരിശോധിച്ച് കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ കരാറുകാരൻ കൃത്യമായി പാലിക്കേണ്ടതാണ്.

30. ക്യാന്റീൻ അവശിഷ്ടങ്ങൾ കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും അന്നന്ന് നീക്കം ചെയ്യേണ്ടതാണ്. ഇത് ആശുപത്രി വളപ്പിലിട്ട് കത്തിക്കുവാൻ പാടുള്ളതല്ല. ക്യാന്റീനിൽ ക്ഷുദ്രജീവികളുടെ സാന്നിധ്യം ഉണ്ടാകുന്നില്ലെന്ന് ക്യാന്റീൻ നടത്തിപ്പുകാരൻ ഉറപ്പു വരുത്തേണ്ടതാണ്.

31. സാധനങ്ങൾ പൊതിയുന്നതിന് യാതൊരു തരത്തിലും പ്ലാസ്റ്റിക്ക് സാമഗ്രികൾ ഉപയോഗിക്കുവാൻ പാടില്ല. ഭക്ഷണ സാധനങ്ങൾ പാഴ്സലായി കൊണ്ടുപോകാൻ പാത്രങ്ങളുമായി വരാൻ വാങ്ങുന്നവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പ്ലാസ്റ്റിക്ക് കവറുകളിൽ പൊതിഞ്ഞ് പാഴ്സൽ നൽകരുത്. ക്യാന്റീനിൽ ഉപയോഗിക്കുന്ന പാത്രങ്ങൾ ചൂടുവെള്ളം ഉപയോഗിച്ച് വൃത്തിയായി കഴുകേണ്ടതാണ്.

32. ക്യാന്റീനിൽ തന്നെ പാചകം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾ മാത്രമേ വിൽക്കുവാൻ പാടുള്ളൂ. പുറത്തു നിന്നും തയ്യാറാക്കി കൊണ്ടു വരുന്ന ഭക്ഷണ സാധനങ്ങൾ അനുവദനീയമല്ല.

33. പുകയില, മദ്യം തുടങ്ങിയ ലഹരി പദാർത്ഥങ്ങളും സർക്കാർ കാലാകാലങ്ങളിൽ നിരോധനം ഏർപ്പെടുത്തിയിട്ടുള്ള വസ്തുക്കളും വിൽക്കുവാൻ പാടുള്ളതല്ല.

34. ക്യാന്റീൻ നടത്തിപ്പുകാരൻ ഈ മേഖലയിൽ വൈദഗ്ധ്യമുള്ള ജീവനക്കാരെ ക്യാന്റീൻ തൊഴിലാളികളായി സ്വന്തം നിലയിൽ നിയമിക്കേണ്ടതാണ്. പ്രായപൂർത്തി ആകാത്തവരെ ക്യാന്റീൻ തൊഴിലാളികളായി നിയമിക്കുവാൻ പാടുള്ളതല്ല.

35. ക്യാന്റീൻ കോൺട്രാക്ടർ ക്യാന്റീനിൽ നിയമിക്കുന്ന ജീവനക്കാരുടെ പേരുവിവരങ്ങൾ ഓഫീസിൽ ആദ്യമേ അറിയിക്കേണ്ടതും സ്വന്തം നിലയ്ക്ക് തിരിച്ചറിയൽ കാർഡ് നൽകേണ്ടതും അവരെ പിരിച്ചു വിട്ടാൽ വിവരം

ഓഫീസിൽ അറിയിക്കേണ്ടതുമാണ്. ക്യാന്റീൻ ജീവനക്കാർ വൃത്തിയുള്ള യൂണിഫോമും തിരിച്ചറിയൽ കാർഡും ഉറപ്പായും ധരിച്ചിരിക്കണം.

36. ക്യാന്റീൻ ജീവനക്കാരുടെ ഹെൽത്ത് കാർഡ് ഉണ്ടാക്കി സൂക്ഷിക്കണം.
37. അംഗീകൃത ക്യാന്റീൻ ജീവനക്കാർ അല്ലാത്ത ആരെയും ആശുപത്രി വളപ്പിൽ ക്യാന്റീൻ ആവശ്യത്തിനായി പ്രവേശിക്കുവാൻ അനുവദിക്കുന്നതല്ല.
38. ക്യാന്റീനിൽ പാചകം, ഭക്ഷണ വിതരണം, ശുചീകരണം തുടങ്ങിയ ജോലികൾക്ക് നിയോഗിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് (Certificate from any Government Hospital that the workers are screened for HIV, HB SAG, CBP, RUE, STOOL for OVACYST, STOOL C/S) സ്വന്തം നിലയിൽ ഹാജരാക്കേണ്ടതാണ്.
39. പാചകം ഭക്ഷണ വിതരണം, ശുചീകരണം തുടങ്ങിയ എല്ലാ ജോലികൾക്കും ക്യാന്റീൻ നടത്തിപ്പുകാരൻ സ്വന്തം നിലയിൽ ജീവനക്കാരെ ഏർപ്പാടാക്കേണ്ടതാണ്.
40. ക്യാന്റീനിൽ ഭക്ഷണം കഴിക്കാനെത്തുന്നവർക്ക് അസൗകര്യം ഉണ്ടാകാത്ത രീതിയിൽ വേണ്ടത്ര ജീവനക്കാരെ സ്വന്തം നിലയ്ക്ക് ഏർപ്പാടാക്കേണ്ടതാണ്.
41. ക്യാന്റീൻ ജീവനക്കാർ വ്യക്തി ശുചിത്വം പാലിക്കുന്നുണ്ടെന്ന് ക്യാന്റീൻ നടത്തിപ്പുകാരൻ സ്വയം ഉറപ്പു വരുത്തേണ്ടതാണ്.
42. പാചക തൊഴിലാളികൾ, ഭക്ഷണം വിതരണം ചെയ്യുന്ന ജീവനക്കാർ എന്നിവർ നിർബന്ധമായും കൈയ്യുറകൾ, Disposable Hygiene Surgical Head Cap എന്നിവ ധരിക്കേണ്ടതാണ്.
43. ആശുപത്രി വളപ്പിൽ ക്യാന്റീൻ ജീവനക്കാരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന എല്ലാ പ്രവൃത്തികൾക്കും ക്യാന്റീൻ നടത്തിപ്പുകാരൻ ഉത്തരവാദിയായിരിക്കും.
44. ഭക്ഷണം പാകം ചെയ്യുന്നതിനായി ഗുണനിലവാരമുള്ള പദാർത്ഥങ്ങൾ മാത്രം ഉപയോഗിക്കേണ്ടതാണ്.
45. ക്യാന്റീനിൽ കരാറുകാരൻ സ്വന്തം നിലയ്ക്ക് അഗ്നി ശമന ഉപകരണങ്ങൾ/സംവിധാനം ഏർപ്പാടാക്കേണ്ടതാണ്.
46. ക്യാന്റീൻ നടത്തിപ്പുകാർ ആശുപത്രിയുടെ സൽപ്പേരിന് കളങ്കമുണ്ടാക്കുന്ന യാതൊരു വിധ പ്രവൃത്തിയിലും ഏർപ്പെടുവാൻ പാടില്ലാത്തതും ആശുപത്രിയുടെ സൽപ്പേര് സ്വന്തം നേട്ടങ്ങൾക്കായി ദുരുപയോഗം ചെയ്യാൻ പാടില്ലാത്തതുമാണ്.
47. ക്യാന്റീൻ നടത്തിപ്പുകാരൻ ക്യാന്റീനിന്റെ പ്രധാന ഭാഗത്ത് ഒരു പരാതിപ്പെട്ടി സ്ഥാപിക്കേണ്ടതാണ്. ആയത് ആശുപത്രി അധികൃതർ സ്വന്തം നിലയ്ക്ക് താഴിട്ട് പൂട്ടുന്നതുമാണ്.
48. ക്യാന്റീൻ നടത്തിപ്പുകാരൻ ക്യാന്റീനിൽ സ്വന്തം നിലയ്ക്ക് CC TV ക്യാമറകൾ സ്ഥാപിക്കേണ്ടതും ആയത് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
49. ക്യാന്റീൻ കരാർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ആശുപത്രി സൂപ്രണ്ടുമായി 200/- രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പേടേണ്ടതാണ്. കൂടാതെ വാർഷിക കരാർ തുകയുടെ 5% Performance Security ഇനത്തിൽ അടയ്ക്കേണ്ടതുമാണ്.

50. എല്ലാ മാസവും 5-)ഠ തീയതിക്കു മുൻപായി മുൻകൂർ വാടക ആശുപത്രി വികസന സമിതി ഫണ്ടിൽ അടച്ച് രസീത് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മുടക്കം വരുന്ന ഓരോ ദിവസത്തിനും 500/- രൂപ വീതം പിഴ അടയ്ക്കേണ്ടതാണ്. ഇത്തരത്തിൽ ഒരു മാസത്തിലധികം വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കുന്നതാണ്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന എല്ലാ തരം നികുതികളും അടയ്ക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

51. ടെണ്ടർ നടപടികളിൽ തർക്കങ്ങൾ ഉണ്ടായാൽ അതിൻമേൽ സൂപ്രണ്ട് കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കും.

52. ആശുപത്രിയിലെ വാർഡുകളിലോ മറ്റു മേഖലകളിലോ കരാറുകാരനോ ക്യാന്റീൻ ജീവനക്കാരോ യാതൊരു വിധ ഭക്ഷണപദാർത്ഥങ്ങളും നടന്നു വിൽക്കുവാൻ പാടുള്ളതല്ല.

53. ക്യാന്റീൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് RMO, ARMO, Addl. Lay Secretary & Tresurer, JHI, Section Clerk എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മറ്റി ഉണ്ടായിരിക്കുന്നതാണ്. ക്യാന്റീനിൽ ഏത് തരത്തിലുള്ള പരിശോധന നടത്തുന്നതിനും കമ്മറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. കമ്മറ്റിയുടെ റിപ്പോർട്ടിൻമേൽ സൂപ്രണ്ട് കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കും.

54. മേൽപറഞ്ഞ നിബന്ധനകൾ/വ്യവസ്ഥകൾ ഓരോന്നും കർശനമായി പാലിക്കപ്പെടേണ്ടതാണ്. ആയതിൽ ഉണ്ടാകുന്ന ലംഘനം ക്യാന്റീൻ കരാർ റദ്ദാക്കുന്നതിന് കാരണമായി തീരുന്നതാണ്. അത്തരത്തിൽ കരാർ റദ്ദാക്കുന്ന പക്ഷം Performance Security അടക്കമുള്ള യാതൊരു വിധ സാമ്പത്തിക അവകാശ വാദത്തിനും കാരാറുകാരന് അർഹത ഉണ്ടായിരിക്കുന്നതല്ല.

മേൽ വിവരിച്ചിരിക്കുന്ന നിബന്ധനകൾ/വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് സമ്മതിച്ചിരിക്കുന്നു.

സ്ഥലം :

ഒപ്പ് :

തീയതി :

അപേക്ഷകന്റെ പേര് :

മേൽ വിലാസം :

മൊബൈൽ നം.: